പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6787

13/07/2012-ൽ
മറുപടിയ്ക്കു്

**ശബരിമല മാസ്റ്റർ പ്ലാൻ**

ചോദ്യം
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ശബരിമല മാസ്റ്റർ പ്ലാനിൽ വിഭാവന ചെയ്തിട്ടുള്ള വിവിധ പദ്ധതികൾ മുൻഗണനാ ക്രമമനുസരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡും, ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുവാൻ രൂപവൽക്കരിച്ചിട്ടുള്ള ഹൈപവർ കമ്മിറ്റിയും ചേർന്ന് നടത്തി വരുന്നു. തീർത്ഥാടകർക്ക് ശബരിമല ദർശനം കഴിഞ്ഞ് പമ്പയിലേക്ക് മടങ്ങുന്നതിനുള്ള ബെയ്‌ലി ബ്രിഡ്ജും, ബെയ്‌ലി ബ്രിഡ്ജിന്റെ അപ്രോച്ച് റോഡും, മരക്കൂട്ടം ഭാഗത്തുള്ള ക്യൂ കോംപ്ലക്സ് എന്നിവയുടെ പണി കഴിഞ്ഞ സീസണിൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

1) സ്വാമി അയ്യപ്പൻ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ.
2) സന്നിധാനം നടപ്പന്തൽ (രണ്ടുനില) നിർമ്മാണം
3) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനങ്ങൾ
4) നിലയ്ക്കൽ അടിസ്ഥാന വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
5) പാർക്കിംഗ് ഏരിയകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ
6) പാർക്കിംഗ് ഏരിയ-ഡി യിലെ നിർമ്മാണ പ്രവർത്തനങ്ങൾ.
7) നിലയ്ക്കലിലെ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ.
8) നിലയ്ക്കലിലെ മഹാദേവക്ഷേത്രത്തിന്റെയും, പള്ളിയാറക്കാവ് ദേവിക്ഷേത്രത്തിന്റെയും പുനരുദ്ധാരണ പ്രവർത്തികൾ.
9) നിലയ്ക്കലിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാനുള്ള നടപടി.
10) കടുവാത്തോടിലെ ചെക്ക് ഡാം നിർമ്മാണം
11) ഗ്രൗണ്ട് ലെവൽ കോൺക്രീറ്റ് വാട്ടർടാങ്ക് നിർമ്മാണം.
12) വാഹനങ്ങൾക്കായുള്ള ഫെസിലിറ്റി സെന്ററുകളുടെ നിർമ്മാണം
13) ശരംകുത്തി മുതൽ ശബരിപീഠം വരെയുള്ള ക്യൂ കോംപ്ലക്സ്

...2/

14) കുന്നാർ ഡാമിൽ തടയിണ നിർമ്മാണം.

15) അപ്പം, അരവണ കോംപ്ലക്സുകളുടെ നിർമ്മാണം .

16) പമ്പ ആരോഗ്യ ഭവൻ നിർമ്മാണത്തിനായി പമ്പയിൽ നിലവിലുള്ള ആശുപത്രി നിലനിൽക്കുന്ന സ്ഥലം പ്രയോജനപ്പെടുത്തി ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള ഹോസ്പിറ്റൽ കോംപ്ലക്സ് നിർമ്മാണം.

17) കുടിവെള്ളം സംഭരിക്കുന്നതിനായി ശബരിമല പാണ്ടിത്താവളം ഭാഗത്ത് 20 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള വാട്ടർ ടാങ്കുകളുടെ നിർമ്മാണം.

18) പിൽഗ്രിം സെൻററുകളുടെ പൂർണ്ണ അറ്റകുറ്റ പണികൾ.

19) പമ്പയിൽ സ്പിൽവേയ്ക്കും ആറാട്ടുകുളത്തിനുമിടയ്ക്ക് കോൺക്രീറ്റ് ബ്ലോക്കുകൾ പതിക്കുന്ന പ്രവർത്തി.

20) പമ്പയിൽ വഴിപാട് സാധനങ്ങൾ സൂക്ഷിക്കുന്നതിനും, ജീവനക്കാരുടെ താമസ സൗകര്യത്തിനുമായി ഒരു ബഹുനില കെട്ടിടത്തിൻെറ നിർമ്മാണം.

21) നിലയ്ക്കലിൽ കുടിവെള്ളം ശുദ്ധീകരിക്കുന്നതിനായി വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്ന ജോലി.

22) പാണ്ടിത്താവളത്തു നിന്നും ഡോണർഹൗസ് 4 വരെ നീളുന്ന കോൺക്രീറ്റ് പാതയുടെ നിർമ്മണം.

23) അരവണ നിർമ്മാണ പ്ലാൻറിൽ അരവണ കണ്ടയ്നറുകളിൽ നിറയ്ക്കുന്നതിനും അടപ്പുകൊണ്ട് കണ്ടയ്നർ അടയ്ക്കുന്നതിനുള്ള മെഷീൻ സ്ഥാപിക്കുന്ന പ്രവൃത്തി.

24) പമ്പയിൽ നിന്നും മരക്കൂട്ടത്തേക്കുള്ള പരമ്പരാഗത പാതയിൽ 16 സ്ഥലത്ത് മേൽക്കൂര നിർമ്മിക്കുന്ന പ്രവൃത്തി.

25) മരക്കൂട്ടം ഭാഗത്ത് 2 യൂണിറ്റ് ക്യൂ കോംപ്ലക്സ് നിർമ്മിക്കുന്ന പ്രവൃത്തി.

26) കുമ്പളം തോട്ടിൽ നിന്നും പാണ്ടിത്താവളം വാട്ടർ ടാങ്കിലേക്ക് പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ .

(signature)

സെക്ഷൻ ഓഫീസർ